# Academic Master plan.

2025-26.

A L P School Bolinja.

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച്, സമൂഹത്തെ മുന്നോട്ടുനയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. സമഗ്രഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഓരോ കുട്ടിയെയും ഒരു യൂണിറ്റായിക്കണ്ട് ഓരോ കുട്ടിക്കും സർവ്വതോന്മുഖ വികാസം ലഭ്യമാകുന്ന തരത്തിലുള്ള, ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി അധ്യാപകരായ നമുക്ക് കൈകോർക്കാം.

2025-26 അധ്യയന വർഷാരംഭത്തിൽ നടത്തിയ Pre-Test ന്റെ അടിസ്ഥാനത്തിൽ കുറച്ചുകുട്ടികൾ സ്വതന്ത്ര വായനയിൽ പിന്നോക്കം നിൽക്കുന്നതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സ്കൂളിലെ മുഴുവൻ കുട്ടികളെയും മികച്ച വായനക്കാരായി മാറ്റാനുള്ള പ്രവർത്തനം സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുന്നു. ആരോഗ്യ കായിക വിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ട് സ്കൂളിലെ മുഴുവൻ കുട്ടികൾക്കും മികച്ച ശ്വസന ക്ഷമത വർധിപ്പിക്കുന്നതിനും വേണ്ടി Aerobics പരിശീലനം നടത്താനും ലക്ഷ്യം വയ്ക്കുന്നു.

## ലക്ഷ്യം

- → സ്കൂളിലെ മുഴുവൻ കുട്ടികളെയും സ്വതന്ത്രവായനയിലേയ്ക്ക് എത്തിച്ചേരാൻ പ്രാപ്തരാക്കുക.
- → സ്കൂളിലെ മുഴുവൻ കുട്ടികളുടെയും ആരോഗ്യ കായിക ക്ഷമത വർദ്ധിപ്പിക്കുക.
- →
- →

## പ്രശ്നം

→ നമ്മുടെ സ്കൂളിലെ കുറച്ചു കുട്ടികൾക്ക് സ്വതന്ത്ര വായനയിൽ പ്രയാസം നേരിടുന്നതായി കണ്ടെത്തി.

→ നമ്മുടെ സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഹൃദയ ശ്വസന ക്ഷമത, വർദ്ധിപ്പിക്കേണ്ടതും അതുപോലെ ആരോഗ്യ കായിക ക്ഷമത വർദ്ധിപ്പിക്കേണ്ടതായും കണ്ടെത്തി.

# വിദ്യാലയ ചരിത്രം

ഇന്ന് കാണുന്ന A.L.P.S Bolinja സ്ഥാപിതമായത് 1950-ൽ ആണ്. അതിനുമുന്നെ ഈ പ്രദേശങ്ങളിലെ കുട്ടികൾ പഠിച്ചിരുന്നത് മദ്രാസ് ഗവൺമെന്റിന്റെ കീഴിൽ ഉണ്ടായിരുന്ന ഒരു സ്കൂളായിരുന്നു. അത് കുറച്ചുകാലം മാത്രമേ ഉണ്ടായിരുന്നുള്ളൂ. തുടർന്ന് ഈ ഗ്രാമത്തിലെ കുട്ടികൾക്ക് പഠനസൗകര്യം ഇല്ലാതായി. നാട്ടുകാർ ഒത്തുകൂടി ഉമ്പെംഗള, കുംബഡാജെ എന്നീ പ്രദേശങ്ങളുടെ തലവനായ സത്യവാസുദേവ തുഞ്ചത്തായയെ സമീപിക്കുകയും പഠന സൗകര്യം ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെടുത്തി. അദ്ദേഹമാണ് ബെളിഞ്ച സ്കൂളിന്റെ ആദ്യമാനേജർ. 1949-ൽ പണിതുടങ്ങി 1950ൽ അധ്യയനം ആരംഭിച്ചു. നാട്ടുകാരുടെ സഹായത്തോടെയാണ് കെട്ടിടം പണിത് പഠനം തുടങ്ങിയത്. തുടക്കത്തിൽ ഒരു കെട്ടിടം മാത്രമേ ഉണ്ടായിരുന്നുള്ളൂ ക്ലാസ്മുറികൾ ഉണ്ടായിരുന്നില്ല.

ആദ്യകാല അധ്യാപകനായി ഉണ്ടായിരുന്ന മുത്തുക്കാന നരസിംഹഭട്ട് P.G ഭട്ട്യ എന്നിവരും ട്രെയിനിംഗ് ലഭിക്കാത്ത റിട്ടയേർഡ് അധ്യാപകരും ആനന്ദറാവു കൃഷ്ണ തുഞ്ചത്തായ എന്നിവരും ആയിരുന്നു.

പിന്നീട് ഇവർ മയ്യിപ്പാടിയിൽ നിന്ന് ട്രെയിനിംഗ് യോഗ്യത നേടി. അന്നുണ്ടായിരുന്ന ശമ്പളം 33 രൂപയായിരുന്നു. 62-ൽ നരസിംഹ ഭട്ടും, ഭട്ടിയ എന്നിവർ പോവുകയും കുശലപ്പഗുഡ്, വെങ്കിട കൃഷ്ണ കടംബെട്ടിത്തായ സരസ്വതി ടീച്ചർ എന്നിവർ അധ്യാപകരായി എത്തിചേർന്നു. കൂടാതെ അറബി പഠിപ്പിക്കാൻ പള്ളിയിലെ മുക്രി സ്കൂളിൽ വരികയും അറബി പഠിപ്പിക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ ശമ്പളം മറ്റ് അധ്യാപകർ 5 രൂപ വീതം എടുത്താണ് നൽകിയത്.

ആദ്യത്തെ ഹെഡ്മാസ്റ്റർ കുശലപ്പ ഗുഡ ആയിരുന്നു. അക്കാലത്ത് റോഡുകളോ വാഹനങ്ങളോ ഇല്ലാത്തത് കൊണ്ട് അധ്യാപകർ കുട്ടികളെ അന്വേഷിച്ച് വീട്ടിൽ പോവുകയായിരുന്നു. 120 ഓളം കുട്ടികൾ ആദ്യകാലത്തുണ്ടായിരുന്നു. ആദ്യകാലങ്ങളിൽ കന്നഡ വിഭാഗം മാത്രമാണ് ഉണ്ടായിരുന്നത്. 1982-ൽ മലയാളം ക്ലാസുകൾ തുടങ്ങി മലയാളത്തിൽ ബാലകൃഷ്ണൻ നേരംവണി മുഹമ്മദലി തുടങ്ങിയ അധ്യാപകരാണ് ഉണ്ടായിരുന്നത്. കെട്ടിടം പൊളിഞ്ഞു വീണതിനെ തുടർന്ന് മലയാള സ്ഥലം മാറ്റുകയും ചെയ്തു.

1984-85 ൽ നാട്ടുകാരുടെ സഹായത്തോടെ വീണ്ടും മലയാള പഠനം തുടങ്ങി. സ്കൂൾ വാർഷികം തുടങ്ങി കലാപരിപാടികൾ കുട്ടികളെ പരിശീലിപ്പിക്കാൻ പുറത്തു നിന്ന് അധ്യാപകർ വന്ന് പരിശീലനം നൽകാറുണ്ട്. കടക്കവാസു, തുമ്പത്തായക്കു ശേഷം മാനേജർ അബ്ദുള്ളഹാജിയും ഹാജിയും വർഷത്തോളം യോജിച്ചായിരുന്നു സ്കൂൾ നയിച്ചിരുന്നത്. 1980-ൽ ആനന്ദറാവു ഹെഡ് മാസ്റ്റർ 1994 മുതൽ സ്കൂൾ മാനേജർ സ്ഥാനം അബ്ദുള്ള ഹാജി സ്വന്തമായി ഏറ്റെടുത്തു. 1998-ൽ കുഞ്ഞിത്തുമ്പത്തായ പെൻഷൻ പറ്റി ഒഴിവിലേക്ക് കുഞ്ഞുനാരായണ ഹെഡ്മാസ്റ്റർ ചേർന്നത്.

ആദ്യകാലങ്ങളിൽ കഞ്ഞിക്കു പകരം ഉപ്പുമാവും പാലും ആയിരുന്നു. 1, 2 ക്ലാസ്സുകളിൽ സ്ലേറ്റ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. യൂണിഫോം ഇല്ലായിരുന്നു. ലുങ്കി ഉടുത്താണ് വന്നിരുന്നത്. പി.ടി.എ ഉണ്ടായിരുന്നില്ല. അതിന് ശേഷം വെങ്കിട ടംവെളുത്തായ ഹെഡ്മാസ്റ്റർ. 1992 മുതൽ 96 വരെ ലീലാവതി ടീച്ചർ 97 മുതൽ സൂര്യനാരായണ ഹെഡ്മാസ്റ്ററായി. 1980 ൽ ആയിരുന്നു-

സ്കൂളിൽ ഉച്ചക്കഞ്ഞി തുടങ്ങിയത്. അക്കാലത്ത് A.E.O ഓഫീസ് കുമ്പളയിൽ ആയിരുന്നു.

2021 നവംബർ 25 ന് മാനേജർ അബ്ദുള്ള ഹാജി മരണപ്പെടുകയും. മൂത്ത മകൻ റഷീദ് ബെളിഞ്ചം മാനേജർ സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. ഹെഡ്മാസ്റ്റർ സത്യനാരായണ 2022 ൽ വിരമിക്കുകയും രവീന്ദ്ര ഹെഡ്മാസ്റ്ററായി സ്ഥാനം. ഏൽക്കുകയും ചെയ്തു. 4 അധ്യാപകരുമായി തുടങ്ങിയ ബെളിഞ്ച സ്കൂളിൽ ഇന്ന് 20 ഓളം അധ്യാപകരും മലയാളത്തിൽ രണ്ട് ഡിവിഷനുകളും, കന്നഡ മീഡിയവും 1 മുതൽ 5-ാം ക്ലാസ്സ് വരെ പഠിപ്പിക്കുന്നുണ്ട്. കൂടാതെ L.K.G U.K.G ക്ലാസ്സുകളുമുണ്ട്.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## സ്കൂൾ തല പ്രവർത്തനങ്ങളുടെ ഫോർമാറ്റ്

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|---|
| 1 | ഭാഷ | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും വായനാ പ്രവർത്തനങ്ങൾ നൽകുക. | ജൂൺ 4 മുതൽ ഫെബ്രുവരി 28 വരെ | സ്കൂൾ തല സമിതികൾ | - | സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളെയും സ്വതന്ത്ര വായനക്കാരാക്കുക. |
| 2. | ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഹൃദയശ്വസന ക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി Aerobic പരിശീലനം | ജൂൺ 2 മുതൽ മാർച്ച് വരെ | സ്കൂൾ തല സമിതി | | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും കായിക ക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം |

## നിർവ്വഹണം

ജൂൺ - ജൂലൈ

* Pre-Test
* അവലോകനം
* ലൈബ്രറി ശാക്തീകരണ പ്രവർത്തനങ്ങൾ
* കമ്പ്യൂട്ടർ ലാബ് - ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ
* അക്ഷരക്കാർഡുകൾ പദകാർഡുകൾ, വാക്യകാർഡുകൾ വ്യത്യസ്ത ക്ലാസ് റൂം പ്രവർത്തനങ്ങൾ
* വായനോത്സവവുമായി ബന്ധപ്പെട്ട് ഓരോ ക്ലാസിനനു യോജ്യമായ വ്യത്യസ്ത പ്രവർത്തനങ്ങൾ (വായനാക്കുറിപ്പ് എഴുതുന്നു.) മികച്ച വായനാക്കുറിപ്പിന് സമ്മാനം നൽകൽ (മാസത്തിൽ ഒന്ന്)

വായനോത്സവം സമാപനം - വായനാകുറിപ്പുകൾ ചേർത്ത് ക്ലാസടിസ്ഥാനത്തിൽ പതിപ്പു തയ്യാറാക്കൽ, പ്രകാശനം ചെയ്യൽ ഒന്നാം ക്ലാസ്സിൽ ചിത്രപതിപ്പ്.

* ലഹരി വിരുദ്ധ കാമ്പയിൻ
* ഔഷധത്തോട്ട നിർമ്മാണം

* പ്ലാസ്റ്റിക് രഹിത മാലിന്യ മുക്ത കാമ്പസ് തുടക്കം എന്ന നിലയിൽ പ്ലാസ്റ്റിക് കവറുകളും മറ്റുവസ്തുക്കളും ശേഖരിക്കാൻ 'ബിൻ' സ്ഥാപിച്ചു.
* Zumba Dance പരിശീലിപ്പിക്കൽ
* ഭിന്നശേഷിക്കാരെ ഉൾക്കൊള്ളുന്ന വിദ്യാഭ്യാസം (ക്ലാസിനനുയോജ്യമായരീതിയിൽ)

ആഗസ്റ്റ് - സെപ്റ്റംബർ

---

* പദകാർഡ്, അക്ഷരകാർഡ്, വാക്യകാർഡ് തിരിച്ചറിയുന്നു. വായിക്കുന്നു.
* വായനാകാർഡ് വായിക്കുന്നു.
* ക്ലാസ് ലൈബ്രറി (പ്രയോജനപ്പെടുത്തൽ
* പത്രവായന ക്ലാസിനനുയോജ്യമായ രീതിയിൽ
* Zumba Dance പരിശീലനം
* കുട്ടിക്കൊരു പുസ്തകം
* ആസ്വാദനക്കുറിപ്പ് - എഴുത്ത് മികച്ചതിന് സമ്മാനം (ക്ലാസ്സ് തലം)

# ഫെബ്രുവരി - മാർച്ച്

* വായനയുടെ അവതരണം
* കഥയെഴുത്ത് (ക്ലാസിനനുയോജ്യമായ രീതിയിൽ)
* Zumba പ്രദർശനം
* പ്ലാസ്റ്റിക് രഹിത, മാലിന്യ മുക്ത കാമ്പസ് അവലോകനം
* ആസ്വാദനക്കുറിപ്പ്
  വായനാക്കുറിപ്പ് പതിപ്പ് പ്രദർശനം
* ഔഷധത്തോട്ടം - പരിപാലനം
* വായനാ മത്സരം
* പഠനോത്സവ പ്രവർത്തനങ്ങൾ
* പിറന്നാൾ പുസ്തകം ലൈബ്രറിയിലേക്ക് നൽകിയ കുട്ടികളെ അനുമോദനം.